പ്രേക്ഷിതൻ,

കെ.വി ഷാജി
കോ ഓർഡിനേറ്റർ
വിവരാവകാശ കൂട്ടായ്മ
സമത
പുല്ലിപ്പറമ്പ് പി.ഒ
ചേലേമ്പ്ര
മലപ്പുറം ജില്ല
673634
ഫോൺ 9526883740

സ്വീകർത്താവ്,

സ്റ്റേഷൻ ഹൗസ് ഓഫീസർ
താനൂർ പോലീസ് സ്റ്റേഷൻ

സർ,

വിഷയം: ഈ തെരഞ്ഞെടുപ്പിൽ പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം സംബന്ധിച്ച് സംഘടിപ്പിച്ച പ്രചരണ ജാഥയിൽ സംസാരിച്ചുകൊണ്ടിരിക്കെ മൈക്ക് പിടിച്ചുവാങ്ങി പ്രസംഗം തടസപ്പെടുത്തി ദേഹോപദ്രവും എൽപ്പിച്ചതുമായി ബന്ധപ്പെട്ട പരാതി

ഞാൻ ഒരു പൊതുപ്രവർത്തകനാണ്. ഇന്നേ ദിവസം കേരള നദീസംരക്ഷണ സമിതി പ്രകൃതിയെ സംരക്ഷിക്കാം പരിസ്ഥിതിയെ തകർക്കുന്ന രാഷ്ട്രീയം വേണ്ട എന്ന പ്രമേയത്തിൽ ഒരു പൊതുപ്രചരണപരിപാടി സംഘടിപ്പിച്ചിരുന്നു. മലപ്പുറത്ത് നിന്ന് രാവിലെ ആരഭിച്ച പ്രചാരണപരിപാടിയുടെ ഇന്നത്തെ സമാപനം വൈകുന്നേരം ആറിന് താനൂരിൽവെച്ചാണ് നടന്നത്. നദീസംരക്ഷണ സമിതിആവശ്യപ്പെട്ടതിൻ പ്രകാരം ഞാനും പ്രസ്തുത പ്രചാരണ പരിപാടിയിൽ അംഗമായിരുന്നു. താനൂരിലെ സമാപന യോഗത്തിൽ ഈ പ്രദേശം ഉൾപ്പെടുന്ന പൊന്നാനി ലോക്സഭാ മണ്ഡലത്തിലെ ഇടതുപക്ഷ സ്വതന്ത്രസ്ഥാനാർത്ഥിയായ ശ്രീ. പി.വി അൻവറിന്റെ നിയമലംഘനങ്ങൾ സംബന്ധിച്ച് അദ്ദേഹം തെരഞ്ഞെടുപ്പ് കമ്മീഷന് സമപ്പിച്ച അഫിഡാവിറ്റുകൾ മുൻനിർത്തി ഞാൻ നേരത്തെ തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയിരുന്നു. ഇതുസംബന്ധിച്ച് സംസാരിച്ചുകൊണ്ടിരിക്കെ നൂറിലധികം വരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തകർ കൂട്ടമായി വന്ന് ഞാൻ സംസാരിച്ചുകൊണ്ടിരുന്ന മൈക്ക് പിടിച്ചുവാങ്ങുകയും എന്നെ കൈയ്യേറ്റം ചെയ്യുകയും അസഭ്യം പറയുകയും എന്നെ ബലം പ്രയോഗിച്ച് വാഹനത്തിൽകയറ്റി ഭീഷണിപ്പെടുത്തി സ്ഥലത്തുനിന്നും തിരിച്ചയക്കുകയുമുണ്ടായി. ഇതു തടയാൻ ശ്രമിച്ച നദീസംരക്ഷണ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ടി.വി രാജൻ, പശ്ചിമഘട്ട സംരക്ഷണസമിതി പ്രവർത്തകൻ അബ്ദുൽ മജീദ് മല്ലഞ്ചേരി എന്നിവരെയും ആക്രമിക്കുകയുണ്ടായി.

ഒരു പൊതുതെരഞ്ഞെടുപ്പിൽ പൗരൻ എന്ന നിലയിൽ അഭിപ്രായം പറയാനുള്ള എന്റെ ഭരണഘടനാപരമായ മൗലിക അവകാശവും, സഞ്ചാരസ്വാതന്ത്ര്യവും നിഷേധിക്കുകയുമാണ് മേൽപ്പറഞ്ഞ ആൾക്കൂട്ടം ചെയ്തിട്ടുള്ളത്. എന്നെ ആക്രമിച്ചതിനു പുറമെ പ്രചാരണ വാഹനത്തിലുണ്ടായിരുന്ന ലഘുലേഖകളും ബാനറും മൈക്ക് സെറ്റിന്റെ ഉപകരണങ്ങളും പുറത്തുവലിച്ചിട്ട് ആൾക്കൂട്ടം നശിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ എനിക്ക് പരാതിയുണ്ട്. എന്നെ ആക്രമിച്ച ആൾക്കൂട്ടം പിരിഞ്ഞുപോകാതിരിക്കുന്ന സാഹചര്യത്തിൽ താനൂർ പോലീസ് സ്റ്റേഷനിൽ നേരിട്ടെത്തി പരാതിപ്പെടാൻ ഭയംകൊണ്ട് എനിക്ക് സാധിച്ചിട്ടില്ല. എന്നെ ആക്രമിക്കുന്നതിന്റെ വീഡിയോദൃശ്യങ്ങൾ ഈ പരാതിയോടൊപ്പം അടക്കംചെയ്യുന്നുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ബഹുമാനപൂർവ്വം

താനൂർ,
19.4.19.

കെ.വി. ഷാജി